**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4221** **18-03-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ കേന്ദ്ര വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള കേന്ദ്ര വിഹിതം ഇനത്തിൽ എത്ര തുകയാണ് സർക്കാരിന് ലഭിക്കാനുള്ളത്; പ്രസ്തുത വിഹിതം ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ മുൻകൂറായി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ? | (എ) | **സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഉൾപ്പെടുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളിലെ നാമമാത്രമായ 8,46,456 പേർക്ക് മാത്രമാണ് കേന്ദ്രസഹായം ലഭിക്കുന്നത്. നിലവിൽ സംസ്ഥാന വിഹിതം അനുവദിക്കുന്നതോടൊപ്പം തന്നെ കേന്ദ്രവിഹിതവും സംസ്ഥാന സർക്കാർ മുൻകൂറായി അനുവദിച്ച് വിതരണം നടത്തി വരുന്നു. ഈ തുക സംസ്ഥാനത്തിന് കേന്ദ്രം പിന്നീട് അനുവദിക്കുകയാണ് ചെയ്തു വരുന്നത്.**<br><br>**സംസ്ഥാന സർക്കാർ ഇതിനോടകം വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷന്റെ കേന്ദ്രവിഹിതമായി 169.21 കോടി രൂപ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും നിലവിൽ ലഭിക്കുവാനുണ്ട്.** |

സെക്ഷൻ ഓഫീസർ